ശ്രീ. ഈ. പി. ഗോപാലൻ: സാധാരണഗതിയിൽ കൺട്രാക്ട് കൊടുത്തുകഴിഞ്ഞാൽ ഇത്ര കാലത്തിനുള്ളിലെങ്കിലും ആ പ്രവൃത്തി തീർക്കണമെന്നു് നിർദ്ദേശം കൊടുക്കാറുണ്ടോ; അങ്ങനെ നിർദ്ദേശം കൊടുത്തിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത കേസുകളുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: എഗ്രിമെന്റിൽ തന്നെ പ്രവൃത്തി തീർക്കേണ്ട സമയം നിശ്ചയിച്ചിരിക്കും. അതേയവസരത്തിൽ ചിലപ്പോൾ ആ സമയത്തു് പ്രവൃത്തി പൂർത്തിയാക്കാൻ പ്രായോഗികമായ വിഷമമുണ്ടാകും. സ്ഥലം വിട്ടുകൊടുക്കുന്നതിനു താമസം നേരിടാം. അങ്ങനെ നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാകാത്ത ചില വർക്കുകൾ കാണും.

ശ്രീ. ഈ. പി. ഗോപാലൻ: പാലക്കാട്ട ഡിസ്ട്രിക്റ്റിൽ പാലൂർ പാലം അപകടാവസ്ഥയിലാണിരിക്കുന്നതു്. കൺട്രാക്ടർ വേല ചെയ്യാഞ്ഞിട്ടാണു് അങ്ങനെ കിടക്കുന്നതെന്നു സംസാരമുണ്ടു്. ഇതൊന്നു പരിശോധിച്ചു ഡിപ്പാർട്ടുമെന്റിന്റെ കുറ്റമാണോ കൺട്രാക്ടറുടെ കുറ്റമാണോ എന്നു കണ്ടുപിടിച്ചു് ഇതിന്റെ പണി ഒന്നു ശരിപ്പെടുത്തണം. ഈയിടെ ഒരു സ്ലൂംകൂടി വീഴുകയും ചെയ്തിട്ടുണ്ടു്. ഒന്നുകിൽ ആ പാലം പൊളിച്ചു് അവിടെ വേലി കെട്ടണം. അല്ലെങ്കിൽ അതു പൂർത്തിയാക്കുന്നതിനുള്ള നടപടിയെടുക്കണം.

ശ്രീ. പി. പി. ഉമ്മർകോയ: ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം എന്റെ ശ്രദ്ധയിൽപെടുത്തിയ ഉടനെതന്നെ അതിനെപ്പറ്റി അന്വേഷിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. എന്തുകൊണ്ടാണു് പ്രവർത്തനത്തിൽ താമസം വന്നിട്ടുള്ളതെന്നന്വേഷിച്ചു് വേണ്ട നടപടികളും എടുക്കുന്നതാണു്.

കാർഷിക ഗവേഷണ കേന്ദ്രങ്ങളും സീഡ് ഫാംസും

* 953. [16] ശ്രീ. പി. കെ. നാരായണൻനമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ട ജില്ലയിൽ എത്ര കാർഷിക ഗവേഷണ കേന്ദ്രങ്ങളും സീഡ് ഫാംസും ഉണ്ടു്;

(ബി) ഇവയെല്ലാം ശരിക്കു പ്രവർത്തനം തുടങ്ങിക്കഴിഞ്ഞോ;

(സി) ഇല്ലെങ്കിൽ എന്താണു കാരണം?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) 3 കാർഷിക ഗവേഷണകേന്ദ്രങ്ങളും, 3 സീഡു് ഫാംസും ഉണ്ടു്.

(ബി) ശരിക്കു പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. നാരായണൻനമ്പ്യാർ: കോഴിക്കോട്ട ജില്ലയിൽ പേരാംപ്രയിൽ 30 ഏക്കർ സ്ഥലം സീഡു് ഫാമിനു വേണ്ടി അക്വയർ ചെയ്തിട്ടുണ്ടു്. അവിടെ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: അന്വേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു്: പേരാംപ്രയിൽ ഗവണ്മെന്റു വക സ്ഥലത്തു് ഒരു സീഡുഫാം തുടങ്ങാൻ നിശ്ചയിച്ചിരുന്നു. ആ സ്ഥലം വകുപ്പുദ്യോഗസ്ഥന്മാർക്കു രാജോചിതമായ സൗകര്യത്തിനു പറ്റിയതല്ലെന്നു കണ്ടു് മഞ്ചേരിയിൽ പുതുതായി ഭൂമി അക്വയർ ചെയ്യണമെന്നു അവർ പറഞ്ഞു. ഞങ്ങളും ഡി. ഡി. സി. യിൽ അതിനെപ്പറ്റി ആക്ഷേപം പുറപ്പെടുവിച്ചു് പേരാംപ്രയ്ക്കു മാറ്റി. ഇപ്പോഴും അതു നടത്താതിരിക്കുന്നതു് ഒരു പ്രതികാരമെന്ന നിലയിൽ ഉള്ള ഉദ്യോഗസ്ഥന്മാരുടെ ശുപാർശ അനുസരിച്ചാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : രാജോചിതമായ സൗകര്യം കിട്ടാത്തതു കൊണ്ട് അങ്ങനെയൊന്നും ചെയ്തതായി അറിവില്ല. എന്തായാലും അവരുടെ ഹിതത്തിനു വിപരീതമായി മാറ്റുന്നതിന് ബഹുമാനപ്പെട്ട മെമ്പർ നിവേദനം നടത്തിയാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ടൂറിസ്റ്റ് സെന്റേഴ്സ്

*954. [17] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തവർഷം പുതിയ ടൂറിസ്റ്റ് സെന്റേഴ്സ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കാലടിയിലും മലയാറ്റൂരിലും അനുവദിക്കാൻ ഉദ്ദേശിച്ചിരുന്ന ടൂറിസ്റ്റ് സെന്റേഴ്സിന്റെ പണി എന്നാരംഭിക്കുവാനാണുദ്ദേശിക്കുന്നത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഇല്ല.

(ബി) കാലടിയുടേയും, മലയാറ്റൂരിന്റേയും ആവശ്യത്തിലേക്കായി ടൂറിസ്റ്റ് ബംഗ്ലാവു നിർമ്മിക്കുന്ന കാര്യം 4-ാം പഞ്ചവത്സരപദ്ധതിക്കാലത്തു പരിഗണനയ്ക്കായി മാറ്റി വച്ചിരിക്കുകയാണ്.

പൊതുമരാമത്തു വകുപ്പിലെ എൻ. എം. ആർ. ജോലിക്കാരുടെ കുറഞ്ഞ ശമ്പളം.

*955. [18] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിലെ എൻ. എം. ആർ. ജോലിക്കാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം എത്രയാണ് ;

(ബി) എൻ. എം. ആർ. ജോലിക്കാരുടെ മിനിമം വേജസ് ഏറ്റവും ഒടുവിലായി നിശ്ചയിച്ചതെന്നാണ് ;

(സി) പൊതുമരാമത്തുവകുപ്പിലെ റോഡ്സ് കെട്ടിടവും വിഭാഗത്തിലെ എൻ. എം. ആർ. തൊഴിലാളികൾക്ക് നൽകുന്ന ക്ഷാമബത്ത ഇറിഗേഷനും, പ്രോജക്റ്റും വിഭാഗത്തിലുള്ള എൻ. എം. ആർ. കാർക്ക് നൽകുന്നില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോ ;

(ഡി) അങ്ങനെ വ്യത്യസ്തക്ഷാമബത്ത നിരക്കാണുള്ളതെങ്കിൽ അതിനു കാരണമെന്ത് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) മിനിമം വേജസ് നോട്ടിഫിക്കേഷൻ അനുസരിച്ച് റോഡു നിർമ്മാണം, റോഡു നന്നാക്കൽ, കെട്ടിട നിർമ്മാണം, പാറപൊടിക്കൽ, പാറപൊട്ടിക്കൽ എന്നീ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു നിശ്ചയിച്ചിട്ടുള്ള നിരക്കിലും, അല്ലാത്തവർക്ക്

പുരുഷന്മാർ — 1—87 രൂപാ.
സ്ത്രീകൾ — 1—35 :
ആൺകുട്ടികൾ— 1—06 : എന്നീ നിരക്കിലും ശമ്പളം കൊടുത്തുവരുന്നു.

(ബി) 1-1-1963 മുതൽ പ്രാബല്യം വരത്തക്കവണ്ണം 22-6-1963-ൽ ഉത്തരവു പുറപ്പെടുവിച്ചു.

(സി) ചില വിഭാഗക്കാർക്ക് മിനിമം വേജസ് നോട്ടിഫിക്കേഷനിലെ നിരക്കനുസരിച്ച് വേതനം ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്.

(ഡി) മിനിമം വേജസ് ഉപദേശക കമ്മിറ്റിയുടെ അന്വേഷണ പരിധിയിൽ എല്ലാത്തരം ജോലികളും ഉൾപ്പെട്ടിരുന്നില്ല. റോഡ് നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly